'ഭരണഭാഷ - മാതൃഭാഷ'
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033
ഫോൺ: 0471-2304594, 0471--2303229. ഫാക്സ്: 0471-2302990.
ഇ-മെയിൽ: keralatribes@gmail.com

നമ്പർ. D/D4/7239/2022/STDD(7) തീയതി: 04/01/2023

സർക്കുലർ

വിഷയം -പ വ വി -2023 -2024 അദ്ധ്യയനവർഷത്തേക്കുള്ള മോഡൽ റെസിഡൻഷ്യൽ വിദ്യാലയ പ്രവേശന പരീക്ഷ നടത്തുന്നതിന് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

പട്ടികവർഗ്ഗ വികസന വകുപ്പിൻറെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ വിദ്യാലയങ്ങളിൽ 2023 -24 അദ്ധ്യയനവർഷത്തേക്ക് പ്രവേശന പരീക്ഷ നടത്തി കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

1 .നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി അർഹമായ വിദ്യാർത്ഥികൾക്കുവേണ്ടി എല്ലാ ജില്ലകളിലും ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ / പട്ടിക വർഗ്ഗ വികസന ഓഫീസർ മുൻകൂട്ടി നിശ്ചയിച്ച സെന്ററുകളിൽ വച്ച് പ്രവേശന പരീക്ഷ നടത്തേണ്ടതാണ് .

2 കുടുംബ വാർഷിക വരുമാനം 200000 / -രൂപയോ അതിൽ കുറവോ ഉള്ള രക്ഷകർത്താക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കേണ്ടതാണ് .രക്ഷിതാക്കളുടെ കുടുംബ വാർഷിക വരുമാനം കൂടുതലായി കാണിച്ചിട്ടുള്ള വിദ്യാർത്ഥികളെ പ്രവേശന പരീക്ഷയിൽ പങ്കെടുപ്പിക്കേണ്ടതില്ല .പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാരെ (കാടർ ,കൊറഗർ ,കാട്ടുനായ്ക്ക ,ചോലനായ്ക്ക് ,കുറുമ്പർ) വാർഷിക കുടുംബ വരുമാന പരിധിയിൽ നിന്നും ,പ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് .

3 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രം പ്രവേശനം നൽകുന്ന ഇടുക്കി ,പൂക്കോട് ,അട്ടപ്പാടി ഏകലവ്യ മോഡൽ റെസിഡൻഷ്യൽ വിദ്യാലയങ്ങളിൽ 6 -)o ക്ലാസ്സിലേയ്ക്കും മറ്റ് മോഡൽ റെസിഡൻഷ്യൽ വിദ്യാലയങ്ങളിൽ 5 -)o ക്ലാസ്സിലേയ്ക്കുമാണ് പ്രവേശന പരീക്ഷ നടത്തുന്നത് .അട്ടപ്പാടി ഏകലവ്യ മോഡൽ റെസി.സ്കൂളിൽ CBSE സിലബസിൽ ഇംഗ്ലീഷ് മീഡിയത്തിലാണ് ക്ലാസുകൾ. പ്രവേശന പരീക്ഷയും അനുബന്ധ നടപടികളും സംബന്ധിച്ച കലണ്ടർ ചുവടെ ചേർക്കുന്നു

a	പ്രോജക്ട് ഓഫീസർ / പട്ടികവർഗ്ഗ വികസന ഓഫീസർ അപേക്ഷ ക്ഷണിക്കേണ്ട തീയതി : 09 / 01 / 2023
b	അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി : 20/ 02 / 2023
c	അപേക്ഷകരുടെ എണ്ണം ,ക്ലാസ് ,ജാതി എന്നീ വിവരങ്ങൾ പട്ടികവർഗ്ഗ വികസന ഡയറക്ടർക്ക് ലഭിക്കേണ്ട അവസാന തീയതി :22 / 02 / 2023
d	പരീക്ഷ നടത്തേണ്ട തീയതി :11 / 03 / 2023

f നിർദിഷ്ട മോഡൽ റെസിഡൻഷ്യൽ വിദ്യാലയം ഹെഡ്മാസ്റ്റർമാർ മൂല്യനിർണ്ണയം പൂർത്തിയാക്കി ലിസ്റ്റ് ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ / പട്ടികവർഗ്ഗ വികസന ഓഫീസർമാർക്ക് നൽകേണ്ട തീയതി : 25 / 03 / 2023

g പ്രോജക്ട് ഓഫീസർ / പട്ടികവർഗ്ഗ വികസന ഓഫീസർമാർ ജില്ലാ റാങ്ക് ലിസ്റ്റ് തയ്യാറാകേണ്ട അവസാന തീയതി 10 / 04 / 2023

h തയ്യറാക്കിയ റാങ്ക് ലിസ്റ്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ട തീയതി 11 / 04 / 2023

i റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി 20 / 04 / 2023

4 .2023 -24 അധ്യയന വർഷം മോഡൽ റസിഡൻഷ്യൽ വിദ്യാലയം പ്രവേശന പരീക്ഷ നടത്തുന്നതിന് വേണ്ടത്ര പരസ്യം നൽകുന്നതിന് എല്ലാ പ്രോജക്ട് ഓഫീസർ പട്ടികവർഗ്ഗ വികസന ഓഫീസർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതും പരമാവധി കുട്ടികളെ പരീക്ഷയിൽ പങ്കെടുപ്പിക്കേണ്ടതുമാണ് .പട്ടികവർഗ്ഗത്തിലെ പിന്നെക്കാവസ്ഥയിലുള്ള പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് പുറമെ പണിയർ ,അടിയർ ,മലപ്പണ്ടാരം ,മലവേടർ ,മലസർ ,മഹാമലസർ ,എരവാലൻ ,അരനാടൻ ,മൂഡുഗർ ,മലയൻ ,ഹിൽപുലയ തുടങ്ങിയ വിഭാഗത്തിലെ പരമാവധി കുട്ടികളെ അപേക്ഷ ശേഖരിച്ച് പ്രവേശന പരിക്ഷയിൽ പങ്കെടുപ്പിക്കുന്നതിന് പ്രോജക്ട് ഓഫീസർ പട്ടിക വർഗ്ഗ വികസന ഓഫീസർമാർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ് .ഈ വിഭാഗത്തിൽപ്പെട്ട 4 -)o ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ സ്ഥാപനവുമായി ഉടനെ ബന്ധപ്പെട്ടും അവരുടെ രക്ഷിതാക്കളിൽ നിന്ന് അപേക്ഷ സ്വീകരിക്കുന്നതിനും അവരെ പരീക്ഷയ്ക്ക് പ്രത്യേകം പ്രാപ്തരാക്കുന്നതിനും നടപടികൾ ഉടൻ സ്വീകരിക്കണം .മേൽ വിവരിച്ച കാര്യങ്ങൾ ശ്രദ്ധയിൽവച്ച ഐ .റ്റി .ഡിപ്രോജക്ട് ഓഫീസർ പട്ടികവർഗ്ഗ വികസന ഓഫീസർ വ്യകതമായ നിർദ്ദശം പട്ടികവർഗ്ഗ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകി ഇക്കാര്യത്തിൽ അവർ പ്രദർശിപ്പിക്കുന്ന താൽപ്പര്യം പരീക്ഷയിൽ പങ്കെടുപ്പിക്കുന്നവരുടെ എണ്ണത്തിനെ ആസ്പദമാക്കി വിലയിരുത്തി കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ പ്രത്യേകമായി പരാമർശിക്കേണ്ടതാണ് .

5 .അർഹമായ മുഴുവൻ വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളെയും മോഡൽ റെസിഡൻഷ്യൽ വിദ്യാലയങ്ങളുടെ പ്രവർത്തന രീതി ശരിയായി ധരിപ്പിച്ച് എല്ലാവരിൽ നിന്നും അപേക്ഷകൾ ആവശ്യമായ അനുബന്ധ രേഖകൾ സഹിതം വാങ്ങുന്നതിനും അവരെ പരിക്ഷ എഴുതിപ്പിക്കുന്നതിനും പ്രത്യേകം നടപടി സ്വീകരിക്കണം .

6 .പ്രാക്തന ഗോത്ര വിഭാഗത്തിൽനിന്നും വളരെയേറെ കുട്ടികളുടെ ലിസ്റ്റ് ജില്ലാ ഓഫീസർമാർ ലഭ്യമാക്കുന്നു ഉണ്ടെങ്കിലും ഈ കുട്ടികളെ പ്രവേശനത്തിന് തിരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ യഥാസമയം എത്തിക്കുന്നില്ല തൻമൂലം ഇ കുട്ടികളുടെ സീറ്റ് നികത്താൻ കഴിയാതെ വരുന്നുണ്ട് .രക്ഷിതാക്കളുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ശരിയായി ധരിപ്പിച്ച് തിരഞ്ഞെടുത്ത കുട്ടികൾ നിർബന്ധമായും വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്നുണ്ടെന്ന് ഐ .റ്റി .ഡി .പി പ്രോജക്ട് ഓഫീസർ / പട്ടികവർഗ്ഗ വികസന ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ് .

7 .ഏതെങ്കിലും കാരണവശാൽ അർഹരായ വിദ്യാർത്ഥികൾക്ക് മോഡൽ റെസിഡൻഷ്യൽ വിദ്യാലയങ്ങളിൽ പ്രവേശനം ലഭ്യമാകാതെയും വിദ്യാലയം പ്രായത്തിലുള്ള കുട്ടികൾ സാഹചര്യക്കുറവുമൂലം വിദ്യാലയത്തിൽ പോകാതെയും കാണുന്നത് .വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് ഉരുതരമായ കുറ്റമാകയാൽ ബന്ധപ്പെട്ട ഓഫീസർമാർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ വകുപ്പ് സ്വീകരിക്കുന്നതായിരിക്കുമെന്നു കൂടി ഓർമ്മിപ്പിക്കുന്നു .

8 . മേൽ വിവരിച്ച കാര്യങ്ങൾ ശ്രദ്ധയിൽ വച്ചുകൊണ്ട് പ്രോജക്ട് ഓഫീസർ / പട്ടികവർഗ്ഗ വികസന ഓഫീസർ / ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ടാർജറ്റ് നിശ്ചയിച്ച നൽകി പുരോഗതി വിലയിരുത്തുകയും മതിയായ അപേക്ഷകൾ അർഹരായ കുട്ടികളിൽ നിന്നും ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിൽ അവരവരുടെ സേവനം പൂർണ്ണമായും ഉപയോഗിക്കേണ്ടതുമാണ് .ത്രിതല പഞ്ചായത്ത് വഴിയും പരമാവധി പ്രചാരണം നടത്തേണ്ടതാണ്

.മുൻവർഷങ്ങളിലെ പോലെ ആവശ്യമായ അപേക്ഷ ഫോറം പ്രോജക്ട് ഓഫീസർ / പട്ടികവർഗ്ഗ വികസന ഓഫീസർമാർ തയ്യാറാക്കി വിതരണം ചെയേണ്ടതാണ് .

9 .പൂരിപ്പിച്ച അപേക്ഷയോടൊപ്പം കുട്ടിയുടെ ജാതി ,വാർഷിക കുടുംബ വരുമാനം പഠിക്കുന്ന ക്ലാസ് എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് .

10 . 6 -)o ക്ലാസ്സ് പ്രവേശത്തിന് പട്ടികവർഗ്ഗക്കാരിൽ നിന്നും മാത്രം അപേക്ഷകൾ സ്വീകരിച്ചാൽ മതിയാകും .

11 .പ്രവേശന പരീക്ഷ നടത്തുന്നതിനുള്ള ചോദ്യ പേപ്പറുകൾ മുദ്ര വച്ച കവറിൽ യഥാസമയം അതാത് ഐ .റ്റി .ഡി .പ്രോജക്ട് ഓഫീസിൽ / പട്ടികവർഗ്ഗ വികസന ഓഫീസിൽ എത്തിക്കുന്നതാണ് .ഓരോ ജില്ലയിലെയും സെന്റെറുകളുടെ പേര് വിവരം 5 ,6 ക്ലാസ്സുകളിൽ പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണം നിശ്ചിത തീയതി എന്നിവ അറിയിക്കേണ്ടതാണ് .പരീക്ഷയും മൂല്യനിർണ്ണയവും കാര്യക്ഷമമായും കുറ്റമറ്റ രീതിയിലും നടത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് കലണ്ടറിൽ നിശ്ചയിച്ചിട്ടുള്ള സമയ പരിധി കർശനമായി പാലിക്കേണ്ടതുമാണ് . .പരീക്ഷ എഴുതുന്ന കുട്ടികളുടെ പേര് , രക്ഷിതാവിന്റെ മേൽവിലാസം ,ക്ലാസ് ,പഠിക്കുന്ന വിദ്യാലയം എന്നീ വിവരങ്ങൾ ഉൾകൊള്ളുന്ന ഹാജർവിവരം കുട്ടിയുടെ ഒപ്പ് രേഖപ്പെടുത്തി ഇൻവിജിലേറ്ററുടെ ഒപ്പ സഹിതം സാക്ഷ്യപത്രം തയ്യാറാക്കി പരീക്ഷ കേന്ദ്രങ്ങളിൽ നിന്നും ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ / പട്ടികവർഗ്ഗ വികസന ഓഫീസർമാർ വാങ്ങി സൂക്ഷിക്കേണ്ടതാണ് .

12 .പരീക്ഷ നടത്തിപ്പിൽ അലംഭാവമോ ,ക്രമക്കേടോ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്

13 .ഓരോ ജില്ലയിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മോഡൽ റെസിഡൻഷ്യൽ വിദ്യാലയങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്

ഒപ്പ്
പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം

പ്രോജക്ട് ഓഫീസർ / പട്ടികവർഗ്ഗവികസന ഓഫീസർ
ജില്ലാപട്ടികജാതിവികസനഓഫീസർമാർ ,ഹെഡ് മാസ്റ്റർ ,പ്രിൻസിപ്പൽ ,സീനിയർ സൂപ്രണ്ട് എല്ലാ MRS കൾക്കും പ്രിൻസിപ്പൽ സെക്രട്ടറി പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പ്
ഡയറക്ടർ പട്ടികജാതിവികസനവകുപ്പ് /പ്രീ-മെടിക്ഹോസ്റ്റൽ വാർഡന്മാർക്കും

അനുബന്ധം

ക്രമ നം	വിദ്യാലയത്തിന്റെപേര്	ജില്ലാ	പ്രവേശനം നൽകുന്ന ക്ലാസ്സ്	കുട്ടികളുടെ എണ്ണം	റിമാർക്സ്
1	2	3	4	5	6
1	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം കട്ടേല ശ്രീകാര്യം (ഗേൾസ്)	തിരുവനന്തപുരം	V	35	
2	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം കുളത്തൂപ്പുഴ (ബോയ്സ്)	കൊല്ലം	V	35	
3	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം വടശ്ശേരിക്കര (ബോയ്സ്)	പത്തനംതിട്ട	V	35	
4	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം ഏറ്റുമാനൂർ (ഗേൾസ്)	കോട്ടയം	V	35	
5	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം മൂന്നാർ (ബോയ്സ്))	ഇടുക്കി	V	35	
6	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം ചാലക്കുടി (ഗേൾസ്)	തൃശ്ശൂർ	V	35	
7	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം മുക്കാലി അട്ടപ്പാടി (ഗേൾസ്))	പാലക്കാട്	V	35	
8	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം കണിയാമ്പറ്റ (ഗേൾസ്)	വയനാട്	V	35	
9	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം നല്ലൂർനാട് (ബോയ്സ്)	വയനാട്	V	35	

10	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം പട്ടുവം കണ്ണൂർ (ബോയ്സ്)	കണ്ണൂർ	V	35	
11	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം പരുവനടുക്കം കാസർഗോഡ് (ഗേൾസ്)	കാസർഗോഡ്	V	35	
12	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം പൈനാവ് ഇടുക്കി (ബോയ്സ് -ഗേൾസ്)	ഇടുക്കി	VI	60	എസ് . ടി കുട്ടി കൾ മാത്രം
13	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം പൂക്കോട് (ബോയ്സ്-ഗേൾസ്)	വയനാട്	VI	60	എസ് . ടി കുട്ടി കൾ മാത്രം
14	മോഡൽ റെസിഡൻഷ്യൽ വിദ്യാലയം അട്ടപ്പാടി (ഗേൾസ്)	പാലക്കാട്	VI	60	എസ് . ടി കുട്ടി കൾ മാത്രം

ഡപ്പ്

ഡയറക്ടർ

DEPUTY DIRECTOR EDUCATION

ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം